പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6339 — 11.07.2012-ൽ മറുപടിക്ക്

# മത്സ്യബന്ധന തുറമുഖ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>" പാലോട് രവി<br>" സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | 1) <u>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം</u> 02/2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പരിസരവാസികളുടെ നിരന്തരമായ എതിർപ്പുമൂലം ഖബർ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് ടി മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത്. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നാട്ടുകാരുടെ ഭാഗത്തും നിന്നും സഹകരണം ലഭിക്കുന്ന പക്ഷം ഈ സാമ്പത്തികവർഷം പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.<br>2) <u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം (ആർ.കെ.വി.വൈ. പദ്ധതി)</u> ബേസിനിൽ മണ്ണടിയുന്നത് പരിഹരിക്കുന്നതിനായി **CWPRS** പൂനെ നടത്തിയ പഠനം അനുസരിച്ച് പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്ന തടക്കമുള്ള ബാക്കി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് 18 മാസം പൂർത്തീകരണ കാലാവധിയോടെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 21.06.12 ന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ഉടനെ ക്ഷണിക്കുന്നതാണ്.<br>3) <u>ചെത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാനപദ്ധതി)</u> ചെത്തി മത്സ്യബന്ധന തുറമുഖത്തെ ഒന്നും രണ്ടും ഘട്ട പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ വേണ്ടത്ര പുരോഗതി |

| | | | |
|---|---|---|---|
| | | | കൈവരിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി ഘടകങ്ങൾ ഏർപ്പാടാക്കി പ്രവൃത്തി 8/2013-ൽ പൂർത്തീകരിക്കുന്നതാണ്.<br>4) ചെല്ലാനം മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ടം (നബാർഡ് ധനസഹായ പദ്ധതി) - നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികളുടെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം പൂർത്തിയായിവരുന്നു. മറ്റുഘടകങ്ങൾ നടപ്പിലാക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധ ഘടകങ്ങൾ ക്രമീകരിച്ച് പ്രവൃത്തി 2013-14 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം നബാർഡ് പദ്ധതിയ്ക്ക് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>5) ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി) - ചേറ്റുവ മത്സ്യബന്ധന തുറമുഖത്ത് പുലിമുട്ട് നിർമ്മാണം, പ്രവേശനറോഡ്, വാർഫ്, ലേലപ്പുര, എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അടുത്ത ഗഡുവായി ഈ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br>6) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രവിഷ്കൃത പദ്ധതി)- കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്ത് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വാർഫ്, ലേലപ്പുര തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഡ്രഡ്ജ് ചെയ്ത മണ്ണെടുക്കുന്നത് സംബന്ധിച്ച് നാട്ടുകാരുടെ ഭാഗത്തു നിന്നും എതിർപ്പുണ്ടായതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. എന്നാൽ ചർച്ചകൾ നടത്തി 01.05.2012 മുതൽ ഡ്രഡ്ജിംഗ് |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പുനരാരംഭിച്ചു. വാർഫ് ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>**7)** <u>തലായി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)</u> - ടി മത്സ്യബന്ധന തുറമുഖത്തെ പുലിമുട്ടുകൾ, ഓഫീസ് കെട്ടിടം, ഗേറ്റ് ഹൗസ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റിക്ലമേഷൻ സംബന്ധിച്ച് നാട്ടുകാരുടെ ഭാഗത്തുനിന്നുമുണ്ടായ എതിർപ്പുമൂലം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. ചർച്ചകൾക്കനുസൃതമായി പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കുന്നതിലുണ്ടായ ചില മാറ്റങ്ങൾമൂലം വാർഫ്, ലേലപ്പുര, ഡ്രഡ്ജിംഗ്, റിക്ലമേഷൻ എന്നീ പ്രവൃത്തികൾക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>**8)** <u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)</u> ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്ത് പുലിമുട്ടുകളുടെ നിർമ്മാണം, ഡ്രഡ്ജിംഗ്, ലേലപ്പുര ഇടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്ന് അടുത്ത ഗഡുവായി 5 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ 2013-14 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്.<br>**9)** <u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം (ആർ.കെ.വി.വൈ)</u><br>2975 ലക്ഷം രൂപ ചെലവിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാസർഗോഡ് മത്സ്യബന്ധനതുറമുഖത്ത് പുലിമുട്ടുകൾ, തീരസംരക്ഷണഭിത്തി മുതലായവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. വാർഫ്, ഓക്ഷൻഹാൾ എന്നീ ഘടകങ്ങൾക്ക് പുതുക്കിയ ഷെഡ്യൂൾ |

| | | | |
|---|---|---|---|
| | | | നിരക്കിൽ സാങ്കേതികാനുമതി നൽകി റീ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലുകൾ ഖനനം ചെയ്യുന്നതും, കല്ലുകൾ ടിപ്പർ/ലോറികളിൽ കയറ്റി കൊണ്ട് പോകുന്നതും പരിസ്ഥിതി പ്രവർത്തകരുടെയും, പ്രാദേശിക സംഘടനകളുടെയും എതിർപ്പ് കാരണവും, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് നവീകരണം നടക്കുന്നതിനാലും ഫിഷറി ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ പല സന്ദർഭങ്ങളിലും തടസ്സപ്പെട്ടിട്ടുണ്ട്. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം മറ്റ് തടസ്സങ്ങളില്ലാതെ പുരോഗമിക്കുകയാണെങ്കിൽ **2013-14** സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. ആർ.കെ.വി.വൈ പദ്ധതിയിൽ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകുന്നതാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണ് ; ഇവയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളും അവയ്ക്ക് നാളിതുവരെ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു. |

| മത്സ്യബന്ധന തുറമുഖം | ഇതുവരെ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം | 1690.69 |
| മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | 1352.12 |
| ചെത്തി മത്സ്യബന്ധന തുറമുഖം | 858.95 |
| ചെല്ലാനം മത്സ്യബന്ധന തുറമുഖം(രണ്ടാം ഘട്ടം) | 1333.68 |
| ചേറ്റുവ മത്സ്യബന്ധന തുറമുഖം | 590.92 |
| കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം | 4403.91 |
| തലായി മത്സ്യബന്ധന തുറമുഖം | 1551.02 |
| ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം | 723.57 |
| കാസർഗോഡ് മത്സ്യബന്ധന തുറമുഖം | 1334.61 |

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധനവും മത്സ്യക്കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായും പ്രസ്തുത തുറമുഖങ്ങളുടെ ആധുനികത അനിവാര്യമായതിനാലും നിർമ്മാണത്തിലിരിക്കുന്ന തുറമുഖങ്ങളുടെ ആധുനികവത്ക്കരണം വേഗത്തിൽ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവത്ക്കരണത്തിനായി എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ തങ്കശ്ശേരി (254.50 ലക്ഷം) നീണ്ടകര (1003 ലക്ഷം), കായംകുളം (259 ലക്ഷം), മുനമ്പം (136.82 ലക്ഷം), പുതിയാപ്പ (280 ലക്ഷം), ചോമ്പാൽ (336 ലക്ഷം) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ആധുനികവത്ക്കരണം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ